പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2384 — 11/10/2011 -ൽ മറുപടിക്ക്

## രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങളിലെ തിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തുന്നതിനു മുമ്പ് വിദ്യാർത്ഥിയുടെ അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ആർക്കൊക്കെയാണ് നല്കിയിട്ടുള്ളത് ; | (എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് വിദ്യാർത്ഥിയുടെ അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന ജനനത്തീയതിയിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് കൈമാറിയിട്ടുണ്ട്. മറ്റു തിരുത്തലുകൾക്കുള്ള അധികാരം കേരളാ വിദ്യാഭ്യാസ ചട്ടം അധ്യായം-6 ചട്ടം 3 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാണ്. |
| (ബി) ഇതിനായി ഓരോന്നിനും ഹാജരാക്കേണ്ട രേഖകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. |

**ജാതി തിരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ**

1. രക്ഷകർത്താവിന്റെ അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാംപ് പതിച്ച അപേക്ഷ.
2. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.
3. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്ര പത്രത്തിൽ.
4. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ്.

**പേരു തിരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ**

1. രക്ഷകർത്താവിന്റെ അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാംപ് പതിച്ച അപേക്ഷ.
2. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.

3. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്ര പത്രത്തിൽ.
4. ഒറിജിനൽ ജനന സർട്ടിഫിക്കറ്റ്.

**<u>മേൽ വിലാസം തിരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ</u>**

1. രക്ഷകർത്താവിന്റെ അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.
2. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.
3. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്ര പത്രത്തിൽ.
4. ഒറിജിനൽ ജനനസർട്ടിഫിക്കറ്റും തദ്ദേശ സ്വയംഭരണ അധികാരികൾ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റും.

**<u>ജനനത്തീയതി തിരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ.</u>**

1. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.
2. പൂരിപ്പിച്ച അപേക്ഷ നിർദ്ദിഷ്ട ഫോമിൽ.
3. 500 രൂപയുടെ ചെലാൻ.
4. ഒറിജിനൽ ജനന സർട്ടിഫിക്കറ്റ് (ഇതിന്റെ സാക്ഷ്യപ്പെടുത്തിയ 3 പകർപ്പു കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട താണ്).
5. ജനനത്തീയതി തിരുത്തേണ്ട വിദ്യാർത്ഥി യുടെ പേര് ജനനസർട്ടിഫിക്കറ്റിലും സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലും വ്യത്യസ്തമാണെ ങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന (one and same) സർട്ടിഫിക്കറ്റ്.

**<u>മാതാപിതാക്കളുടെ പേര് തിരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ</u>**

1. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.
2. അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച രക്ഷകർത്താവിന്റെ അപേക്ഷ.
3. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്ര പത്രത്തിൽ.
4. ഒറിജിനൽ ജനനസർട്ടിഫിക്കറ്റ്.

(സി) അഡ്മിഷൻ രജിസ്റ്ററിലെ മേൽ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ അത് രജിസ്ട്രേഷനുമുമ്പ് തിരുത്തി നല്കുന്നതിന് ഇപ്പോൾ അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; ഹാജരാക്കേണ്ട രേഖ ഏതാണ് ;

(സി) നിലവിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. ഇതിനായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

1. രക്ഷകർത്താവിന്റെ അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാംപ് പതിച്ച അപേക്ഷ.
2. പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെ വിശദമായ റിപ്പോർട്ടും ശുപാർശ കത്തും.
3. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്ര പത്രത്തിൽ.
4. ഒറിജിനൽ ജനനസർട്ടിഫിക്കറ്റ് അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ അധികാരികൾ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.

(ഡി) മേൽവിലാസം തിരുത്താനുള്ള അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുന്നതിന് അതത് ഹെഡ്മാസ്റ്റർമാർക്ക് അധികാരം നല്കി നടപടിക്രമം ലഘൂകരിച്ച് അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുമോ?

(ഡി) വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ